പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചുനൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30-9-2009-ൽ 20541/സി3/ 2009/ പൊ.മ.വ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

മണ്ണന്തല-തൈക്കാട് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

49(2405) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണന്തല മുതൽ തൈക്കാട് (വെഞ്ഞാറമൂട്) വരെയുള്ള റോഡ് ആധുനിക രീതിയിൽ വീതികൂട്ടി നിർമ്മിച്ചപ്പോൾ പിരപ്പൻകോട് ജംഗ്ഷനിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എതിർവശത്തുള്ള മതിൽ കെട്ടിയ ഭൂമി സർക്കാർ ധനസഹായം നൽകി വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

&

(സി) അപ്രകാരം വാങ്ങിയ ഭൂമി മതിൽ പൊളിച്ച് റോഡ് വികസനത്തിന് ഉപയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ടി.പി. ഒന്നാംഘട്ട റോഡ് നിർമ്മാണത്തിന്റെ ഭാഗമായി തൈക്കാട് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് മാത്രമാണ് ലാൻഡ് അക്വിസിഷൻ നടത്തിയിട്ടുള്ളത്.

താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യൂ. ആർ.ഡി.എം. റോഡ് പ്രവൃത്തി

50(2406) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യു.ആർ. ഡി.എം. റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

ഉണ്ട്. 90% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികൾ തുടങ്ങുന്നതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിയുടെ മുന്നോടിയായി റോഡിന്റെ RoW 10 മീറ്റർ ആക്കുന്നതിന്റെ ഭാഗമായി റോഡിന്റെ ഇരുവശത്തുമുള്ള സ്ഥലങ്ങൾ സൗജന്യമായി വിട്ടുതരുന്നവർക്കുവേണ്ടി മതിലുകൾ പുനർനിർമ്മിച്ച് നൽകുന്നതിനായി 6.236 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും പുതുക്കി ലഭിച്ചിട്ടുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണം

51(2407) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതെന്നാണ്; അനുവദിച്ച തുക എത്ര; കരാർ പ്രകാരം നിർമ്മാണ പ്രവൃത്തിയുടെ കാലയളവ് എത്രയെന്നും വ്യക്തമാക്കാമോ;

&

(സി) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ 4 വർക്കുകളായിട്ടാണ് വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ പ്രവൃത്തി ക്രമീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.